**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **10-08-2023 - ൽ മറുപടിയ്ക്ക്**

**വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് കിഫ്ബി ധനസഹായത്തോടെ തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള വെള്ളയിൽ ഫിഷിംഗ് ഹാർബർ ഭൂമിയിലാണ് നിർമ്മിക്കുന്നത്. അതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പെർമിസ്സീവ് സാങ്ഷൻ ലഭ്യമാകേണ്ടതുണ്ട്. കോഴിക്കോട് കോർപ്പറേഷനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും തമ്മിൽ നിർമ്മാണ സ്ഥലം സംബന്ധിച്ച ധാരണയിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി സംബന്ധിച്ച തീരുമാനത്തിന് ശേഷം സാങ്കേതികാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പദ്ധതി പ്രാവർത്തികമാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മത്സ്യമാർക്കറ്റിന്റെ നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. എന്നാൽ പദ്ധതിക്കുള്ള ഭൂമി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിൽ ആയതിനാൽ വകുപ്പിൽ നിന്നും പെർമിസ്സീവ് സാങ്ഷൻ ലഭ്യമാക്കി സ്ഥലം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് കൈമാറി ലഭിക്കേണ്ടതുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുന്നതിന് ബഹു.എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ